# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*1</u>      <u>28/06/2016-ൽ മറുപടിക്ക്</u>

## സ്മാർട്ട് സിറ്റി നിർമ്മാണം

**ചോദ്യം**

ശ്രീ. പി. വി. അൻവർ
,, എസ്.ശർമ്മ
,, എം. സ്വരാജ്
,, ആർ. രാജേഷ്

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കൊച്ചിൻ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് ടീകോം കമ്പനിയുമായി ഒപ്പുവെച്ച കരാറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13.05.2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 88 ലക്ഷം ച. അടി. നിർമ്മാണ വിസ്തൃതിയോട്ട കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരമുള്ള 88 ലക്ഷം സ്ക്വയർ ഫീറ്റിൽ 67 ലക്ഷം സ്ക്വയർ ഫീറ്റാണ് ഐ.ടി./ ഐ.ടി.ഇ.എസ്. ആവശ്യങ്ങൾക്കായി നീക്കി വച്ചിട്ടുള്ളത്. Frame work agreement പ്രകാരം സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ - 680 കോടിയും, പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ - 120 കോടിയും, സർക്കാരിന്റെ ഷെയർ 31.2 കോടിയുമാണ്. ടീകോം കമ്പനിയുടെ ഷെയർ - 84% മാണ്. Frame work agreement പ്രകാരം ആകെ ഭൂമിയുടെ 12% ഭൂമിയിൽ ടീകോം കമ്പനിക്ക് സ്വതന്ത്ര അവകാശത്തിന് അർഹതയുണ്ട്. Frame work agreement സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കരാർ പ്രകാരം പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്നും എങ്കിൽ എത്ര | (ബി) | ഒന്നാം ഘട്ടത്തിൽ ഏകദേശം 5500 പേർക്ക് ജോലി ലഭ്യമാക്കുന്ന 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏകദേശം ആറ് ലക്ഷത്തി |

| | | | |
|---|---|---|---|
| | ശതമാനം ഐ ടി സംരംഭങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്നും പരിശോധിച്ചിട്ടുണ്ടോ; | | ഇരുപത്തിമൂന്നായിരം ചതുരശ്ര അടി സ്ഥലം (96%) ഐ.ടി. / ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്ക് മാറ്റി വച്ചിട്ടുണ്ട്. ഇതിൽ ഐ.ടി. / ഐ.ടി. അധിഷ്ഠിത ഓഫീസുകൾ, കാർ പാർക്കിംഗ്, ട്രെയിനിംഗ് സെന്റർ, യൂട്ടിലിറ്റി ഏരിയ, കോമൺ ഏരിയ എന്നിവ ഉൾപ്പെട്ടും എന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. ആദ്യ ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണത്തോടൊപ്പം തന്നെ ആദ്യ ഘട്ടത്തിലെ പാലം, 3.7 കി.മി. നാലുവരിപ്പാത, കാനകൾ, കേബിൾ ട്രെഞ്ച്, സബ്സ്റ്റേഷൻ തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | കരാർ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങളും, സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) | സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം, എന്നിവ ഉറപ്പാക്കി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി വരുന്നു. കൂടാതെ, ഫോർട്ട്കൊച്ചി സബ് കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വകുപ്പ് 5.2 ഉപവകുപ്പ് c, d എന്നിവയിൽ ഉപസംരംഭകരെ പങ്കാളികളാക്കുന്നത് സംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്. സ്മാർട്ട്സിറ്റിയുടെ പ്രവർത്തനം ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. 2021 ആകുമ്പോഴേക്കും പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. |

Indu. S. S

സെക്ഷൻ ഓഫീസർ